"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് 2025-26 - കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ പരിപാലന പ്രവൃത്തികൾ - 'Urgent Maintenance and repairing Electrical installation in Mortuary and Forensic Medicine Department' എന്ന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ - ബിൽ തുക അനുവദിച്ചു നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1035/2025/H&FWD തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.760/2023/ആ.കു.വ. തീയതി 30.03.2023
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 26.01.2025 തീയതിയിലെ എ3/2193/2022/മെ.വി.വ. നമ്പർ കത്ത്
3. സ.ഉ.(സാധാ)നം.961/2025/ആ.കു.വ. തീയതി 29.03.2025.

**ഉത്തരവ്**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 വർഷത്തേയ്ക്ക് അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ടതായ വിവിധ പരിപാലന പ്രവൃത്തികൾക്ക് പരാമർശം (1) പ്രകാരം 2,56,60,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ നിശ്ചിത കാലാവധിയായ 31.03.2024-നു മുൻപായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി പരാമർശം (3) പ്രകാരം 30.09.2025 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

**2.** പരാമർശം (1) ലെ ക്രമ നം. 11 ആയി ഉൾപ്പെടുത്തിയിരുന്ന 'Urgent Maintenance and repairing Electrical installation in Mortuary and Forensic Medicine Department - MCH, Kottayam' എന്ന പ്രവൃത്തി പൂർത്തീകരിച്ചതായി പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും, അതോടൊപ്പം കോട്ടയം പൊതുമരാമത്ത് വകുപ്പ് വൈദ്യുത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച ബിൽ പ്രകാരമുള്ള തുകയായ 85,099/- രൂപ (എൺപത്തി അയ്യായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) അസറ്റ് മെയിന്റനൻസ് ശീർഷകമായ '2210-05-105-61 (നോൺ പ്ലാൻ)'-ൽ നിന്നും അനുവദിക്കണമെന്ന് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ "Urgent Maintenance and repairing Electrical installation in Mortuary and Forensic Medicine Department' എന്ന പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ബിൽ പ്രകാരമുള്ള **85,099/- രൂപ (എൺപത്തി അയ്യായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം)**, അസറ്റ്

മെയിന്റനൻസ് ശീർഷകമായ **'2210-05-105-61 (നോൺ പ്ലാൻ)'**-ന് കീഴിലെ 2025-26 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകി ഉത്തരവാകുന്നു.

**4.** തുക കൈമാറുന്നതിനു മുൻപായി ബില്ലുകളുടെ കൃത്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.2758711/എച്ച്.എൽ.റ്റി.-എ2/17/2023-ധന-Part(1) തീയതി 07.04.2025 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/205/2022-HEALTH-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 09-04-2025 11:01:11

സെക്ഷൻ ഓഫീസർ